**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2025-26 - 'ആരോഗ്യ ഗതാഗതം' എന്ന പദ്ധതി - ആരോഗ്യ സേവന വകുപ്പിലെ 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 14 പുതിയ വാഹനങ്ങൾ വാങ്ങുന്നത് - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.884/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.2946/2025/ആ.കു.വ. തീയതി 26.09.2025

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.12.2025 തീയതിയിലെ DHS/10066/2025-MC1 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ ആരോഗ്യ ഗതാഗതം എന്ന പദ്ധതിക്കായി '2210-01-200-91(പ്ലാൻ)' ശീർഷകത്തിനു കീഴിൽ ₹3 കോടി രൂപയുടെ ഭരണാനുമതി ആരോഗ്യ സേവന വകുപ്പിന് നൽകിയിരുന്നു. പ്രസ്തുത ഭരണാനുമതിയിൽ പുതിയ സ്ക്രാപ്പ് പോളിസി-യെ അടിസ്ഥാനമാക്കി, 15 വർഷം കഴിഞ്ഞ 14 വാഹനങ്ങൾക്ക് പകരമായി ആരോഗ്യ സേവന വകുപ്പിലെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് പുതിയ 14 വാഹനങ്ങൾ ₹1,40,00,000/- രൂപയ്ക്ക് വാങ്ങുവാനുള്ള അനുമതി ഉൾപ്പെട്ടിരുന്നു. പരാമർശം (2) ലെ കത്ത് പ്രകാരം '2210-01-200-91-00-34-00 (പ്ലാൻ - വോട്ടഡ്)' ശീർഷകത്തിൽ ബജറ്റ് വിഹിതം ഉപയോഗിച്ച് 14 വണ്ടി വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള തുകയായ ₹1,40,00,000/- രൂപ (ഒരു കോടി നാൽപത് ലക്ഷം രൂപ മാത്രം) അല്ലോട്ട്മെന്റ് നൽകുവാൻ ശീർഷകത്തിലെ പരിധി ഉയർത്തി നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ആരോഗ്യ ഗതാഗതം' പദ്ധതിയുടെ ഭാഗമായി 15 വർഷം കാലാവധി പൂർത്തിയാക്കിയ വാഹനങ്ങൾക്ക് പകരമായി ആരോഗ്യ സേവന വകുപ്പിലെ 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 14 പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് **"5475-00-800-74-00-21-01- Fund for replacing Phased out Government Vehicles - Motor vehicles - Purchase of vehicles (P)(V)"** എന്ന ശീർഷകത്തിന് കീഴിൽ **₹1,40,00,000/- രൂപയുടെ (ഒരു കോടി നാൽപത് ലക്ഷം രൂപ മാത്രം) പുതുക്കിയ ഭരണാനുമതി** നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇത് സംബന്ധിച്ച് "5475-00-800-74-00-21-01- Fund for replacing Phased out Government Vehicles - Motor vehicles - Purchase of vehicles (P)(V)" എന്ന ശീർഷകത്തിൽ അധിക ധനാനുമതി ലഭ്യമാക്കുന്നതിനുള്ള ശിപാർശയും, ആരോഗ്യ വകുപ്പിലെ

സി.സി.ഒ.യെ ക്രോസ് മാപ്പ് ചെയ്യുന്നതിനുള്ള ശിപാർശയും ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

4. മേൽ ഭേദഗതിയോടെ പരാമർശം (1)ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ്(3372211/HLT-A1/242/2025-FIN dated 24.02.2026.)
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 04-03-2026 16:29:10
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.